(എ) കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ പുതുക്കിയ ശമ്പള പരിഷ്കാര കരാർ നടപ്പിലാക്കാൻ വൈകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റും ഗവൺമെന്റും അംഗീകരിച്ച കരാർ നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകേണ്ട എത്ര ക്ഷാമബത്താ ഗഡുക്കൾ കുടിശ്ശികയുണ്ടായിട്ടുണ്ട് ;

(ഡി) ശമ്പള പരിഷ്കരണത്തിന് കാലതാമസം നേരിടുന്ന ഈ ഘട്ടത്തിൽ ക്ഷാമബത്താ കുടിശ്ശിക നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരാർ വ്യവസ്ഥകളിൽ ശമ്പള പുനഃനിർണ്ണയം, പെൻഷൻ റിവിഷൻ ഇവ ഒഴികെയുള്ള മിക്ക വ്യവസ്ഥകളും നടപ്പിൽ വന്നിട്ടുണ്ട്. ശമ്പളത്തിന്റെയും പെൻഷന്റെയും പുനർനിർണ്ണയം സംബന്ധമായ ജോലികൾ ഘട്ടംഘട്ടമായി നടന്നു വരികയാണ്.

(സി) രണ്ടു ക്ഷാമബത്താ ഗഡുക്കൾ നൽകുവാനുണ്ടായിരുന്നു. അതിൽ 1-1-98 മുതൽ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഒരു ഗഡു ഡി.എ.6/99 മുതൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) ഒരു ഗഡു ക്ഷാമബത്ത കുടിശ്ശിക നൽകാൻ തീരുമാനമായിട്ടുണ്ട്.

91 (1823) കെ.എസ്.ആർ.ടി.സി. ശമ്പള പരിഷ്കരണ കരാർ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണ കരാർ ഒപ്പു വച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കരാർ നടപ്പിലാക്കി തുടങ്ങിയോ;

(സി) ഇല്ലെങ്കിൽ കരാർ നടപ്പിലാക്കാൻ കാലതാമസം വരുത്തിയത് എന്തു കൊണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പുതുക്കിയ കരാർ എന്ന് മുതൽ നടപ്പാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ കരാർ പ്രകാരമുള്ള വിവിധ വ്യവസ്ഥകളിൽ ശമ്പളം പെൻഷൻ ഇവ പുനഃനിർണ്ണയം ചെയ്യൽ ഒഴികെയുള്ള മിക്ക കാര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) 13.4.99 നു ഒപ്പു വച്ച കരാർ പ്രകാരമുള്ള വ്യവസ്ഥകൾ ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാറിലെ പല വ്യവസ്ഥകളും ഇതിനകം തന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്. ശമ്പളത്തിന്റെയും പെൻഷന്റെയും പുനഃനിർണ്ണയം വിവിധ ഘട്ടങ്ങളിലൂടെ മാത്രമേ പൂർത്തിയാകുകയുള്ളൂ. ഇതിന്റെ ജോലി നടന്നു വരുന്നു.

92 (1824) കെ.എസ്.ആർ.ടി.സി. യിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ, വിവിധ മെക്കാനിക്കൽ വിഭാഗം എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഒഴിവുകളാണ് ഓരോ കാറ്റഗറിയിലും ഇതുവരെ അറിയിച്ചിട്ടുള്ളത്;

(ഡി) ഈ ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) എംപാനൽ അടിസ്ഥാനത്തിൽ എത്ര പേർ ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് ജോലിയിൽ തുടരുന്ന എത്ര പേരുണ്ടെന്ന് തസ്തിക തിരിച്ചു വ്യക്തമാക്കുമോ;

(ജി) പി.എസ്.സി. വഴി നിയമനം നടക്കുമ്പോൾ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുമോ?

ഉത്തരം

(എ) റിട്ടയർമെന്റും നാളിതുവരെയുള്ള ഷെഡ്യൂൾ വർദ്ധനവും അനുസരിച്ച് ഡ്രൈവർ വിഭാഗത്തിൽ 5676 ഒഴിവുകളുണ്ട്.

കണ്ടക്ടർ വിഭാഗത്തിൽ - 2391 ഒഴിവുകൾ

മെക്കാനിക്കൽ വിഭാഗത്തിൽ - 900 ഉണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്.

(സി) 1.1.98 മുതൽ 31.12.99 വരെയുള്ള കാലയളവിൽ റിട്ടയർമെന്റുമൂലം ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം 6.12.97-ൽ 1012/ജി.എൽ2/97/ആർ.ടി.സി. എന്ന കത്തുപ്രകാരം പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഡ്രൈവർ	-	4346
കണ്ടക്ടർ	-	1544
മെക്കാനിക്കൽ വിഭാഗം	-	706

(ഡി) പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

(ഇ) കണ്ടക്ടർ വിഭാഗത്തിൽ - 1124 പേർ

LIBRARY ARCHIVES Kerala Legislative Assembly